REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 04-03-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് ഫിൻലൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബ് ന്യൂഡൽഹിയിലെത്തി.
- പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ ന്യൂഡൽഹിയിൽ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു.
- കേരള ജീനോം ഡേറ്റ സെന്റർ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.
- നാളെ ആരംഭിക്കുന്ന SSLC പരീക്ഷയ്ക്ക് തയ്യാറെടുപ്പുകൾ പൂർത്തിയായതായി പൊതു വിദ്യാഭ്യാസ വകുപ്പ്.
- ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ ദക്ഷിണാഫ്രിക്ക ഇന്ന് ന്യൂസിലൻഡിനെ നേരിടും.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് ഫിൻലൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബ് ന്യൂഡല്ഹിയിലെത്തി. കേന്ദ്രസഹമന്ത്രി കീർത്തി വർധൻ സിംഗ് അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു. നാളെ ഡൽഹിയിൽ ആരംഭിക്കുന്ന പതിനൊന്നാമത് റെയ്സിന ഡയലോഗിൽ അദ്ദേഹം വിശിഷ്ടാതിഥിയായി പങ്കെടുക്കും.**

**ഫിൻലാൻഡ് ബന്ധത്തെ പുതിയ ഉയരങ്ങളിലേക്ക് കൊണ്ടുപോകാൻ അലക്സാണ്ടർ സ്റ്റബ്ബിന്റെ സന്ദർശനം വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. റെയ്സിന ഡയലോഗിൽ**

പ്രസിഡന്റിന്റെ മുഖ്യ പ്രഭാഷണത്തിന് ആകാംക്ഷയോടെ കാത്തിരിക്കുകയാണെന്നും നരേന്ദ്ര മോദി പറഞ്ഞു.

✪✪✪

പശ്ചിമേഷ്യൻ - ഗൾഫ് മേഖലകളിലെ സംഘർഷ സാഹചര്യത്തിൽ ന്യൂഡൽഹിയിൽ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. രാവിലെ ഒമ്പത് മുതൽ രാത്രി 9 വരെ 1800-118-797, 112301 2113 ഉൾപ്പെടെ നമ്പറുകളിൽ ബന്ധപ്പെടാം.

✪✪✪

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ മലയാളികളടക്കം പ്രവാസികൾക്ക് എല്ലാ സഹായവും കേന്ദ്രഗവൺമെന്റ് നൽകുന്നുണ്ടെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. യുദ്ധത്തിന്റെ പശ്ചാത്തലത്തിലാണ് വ്യോമ ഗതാഗതത്തിന് തടസം നേരിടുന്നത്. എംബസി വഴി നൽകുന്ന സഹായത്തിനു പുറമെ സ്വയം സുരക്ഷിതരാവാൻ അവരവർ ശ്രമിക്കണമെന്നും സുരേഷ് ഗോപി തൃശൂരിൽ മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

K ഡിസ്ക് സ്ഥാപിക്കുന്ന കേരള ജീനോം ഡേറ്റ സെന്റർ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. 100 കോടി രൂപ ചെലവിൽ കിഫ്ബിയുടെ സഹായത്തോടെയാണ് സെന്റർ തുടങ്ങിയത്.

101 സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേന്ദ്രങ്ങളുടെ പ്രഖ്യാപനം, ആരോഗ്യ വകുപ്പിന്റെ ജീവധാരാ പോർട്ടൽ, കുടുംബശ്രീയുടെ സാന്ത്വന മിത്രം, സ്കിൽ @ കോൾ എന്നിവയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. വിജ്ഞാന കേരളം ഉന്നതി, പദ്ധതി വഴി തൊഴിൽ ലഭ്യമായവരുടെ ഉത്തരവും ചടങ്ങിൽ കൈമാറും.

✪✪✪

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ നീതി നിഷേധങ്ങൾക്ക് പരിഹാരം കാണാൻ മഹിളാ ജൻ സുൻവായി പരാതി പരിഹാര അദാലത്ത് തിരുവനന്തപുരം തൈക്കാട് റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ തുടരുന്നു. സംസ്ഥാന വനിതാ കമ്മീഷൻ അധ്യക്ഷ P സതീദേവിയും, കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും.

നാളെ കൊല്ലത്തും ഈ മാസം ഒൻപതിന് എറണാകുളത്തും, 11ന് മലപ്പുറത്തും 12ന് വയനാട്ടിലും അദാലത്ത് സംഘടിപ്പിക്കും.

അദാലത്തിൽ പുതിയ പരാതികളും സ്വീകരിക്കും.

✪✪✪

കേരള സർവകലാശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ വിവിധ കെട്ടിടങ്ങളുടെ പ്രവർത്തനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നവോത്ഥാന നായകൻ അയ്യാ വൈകുണ്ഠസ്വാമിയുടെ പേരിൽ ആരംഭിക്കുന്ന പഠന ഗവേഷണ കേന്ദ്രവും നാളെ ഉദ്ഘാടനം ചെയ്യും.

✪✪✪

CPIM സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം തിരുവനന്തപുരത്ത് തുടങ്ങി. നിയമസഭാ തെരഞ്ഞെടുപ്പിന് ജില്ലാ നേതൃത്വങ്ങൾ നൽകിയ സ്ഥാനാർത്ഥിപ്പട്ടികയെ സംബന്ധിച്ച് യോഗം ചർച്ച ചെയ്യും. മന്ത്രി വീണാ ജോർജ് , മുൻമന്ത്രി KK ശൈലജ തുടങ്ങിയവർ സ്ഥാനാർത്ഥികളാകുന്നതടക്കം കാര്യങ്ങൾ യോഗം ചർച്ച ചെയ്തേക്കും.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് കാര്യങ്ങൾ ചർച്ച ചെയ്യാൻ CPI സംസ്ഥാന സെക്രട്ടറിയേറ്റ്, സംസ്ഥാന കൗൺസിൽ യോഗങ്ങൾ തിരുവനന്തപുരത്ത് ചേരുന്നു. തുടർച്ചയായി രണ്ട് തവണ മത്സരിച്ചവർ മാറി നിന്ന് പുതുമുഖങ്ങൾക്ക് അവസരം നൽകണമെന്ന ടേം വ്യവസ്ഥ നടപ്പാക്കുന്ന കാര്യത്തിൽ യോഗം തീരുമാനമെടുത്തേക്കും. സെക്രട്ടറിയേറ്റിന്റെ നിർദേശങ്ങൾ സംസ്ഥാന കൗൺസിൽ ചേർന്ന് അന്തിമ തീരുമാനമെടുക്കും.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് LDF യോഗം ഉച്ച കഴിഞ്ഞ് തിരുവനന്തപുരം AKG സെന്ററിൽ ചേരും. സ്ഥാനാർത്ഥി നിർണയം ഉൾപ്പെടെ കാര്യങ്ങളാണ് യോഗത്തിന്റെ മുഖ്യ അജണ്ട.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നാളെ കൊച്ചിയിൽ എത്തും. മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ മുഖ്യ തിരഞ്ഞെടുപ്പ്

ഓഫീസർ, സംസ്ഥാന പൊലീസ് മേധാവി, ജില്ലാ കലക്ടർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവരുമായി അദ്ദേഹം ചർച്ച നടത്തും.

✪✪✪

മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്നതും അല്ലാത്തതുമായ 663 ക്ഷേത്രങ്ങൾക്ക് ഗവൺമെന്റ് അനുവദിച്ച 10 കോടി 80 ലക്ഷം രൂപയുടെ ജീർണോദ്ധാരണ ധനസഹായ വിതരണോദ്ഘാടനം നാളെ കോഴിക്കോട്ട് മന്ത്രി VN വാസവൻ നിർവഹിക്കും. ചടങ്ങിൽ തോട്ടത്തിൽ രവീന്ദ്രൻ MLA അധ്യക്ഷനാകും. അറിയിപ്പ് ലഭിച്ച ക്ഷേത്ര ഭരണാധികാരികൾ ചെക്ക് കൈപ്പറ്റണമെന്ന് മലബാർ ദേവസ്വം ബോർഡ് കമീഷണർ അറിയിച്ചു.

✪✪✪

നാളെ ആരംഭിക്കുന്ന സംസ്ഥാനത്തെ SSLC പരീക്ഷയ്ക്ക് തയ്യാറെടുപ്പുകൾ പൂർത്തിയായതായി പൊതു വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്.....

............(വോയ്സ്)..................

✪✪✪

പശ്ചിമേഷ്യൻ മേഖലയിൽ നാളെയും മറ്റന്നാളും നടത്താൻ നിശ്ചയിച്ചിരുന്ന CBSE 10,12 ക്ലാസ് പരീക്ഷകൾ മാറ്റിവെച്ചു. പുതുക്കിയ തീയ്യതികൾ പിന്നീട് പ്രഖ്യാപിക്കും. ഈ മാസം ഏഴ് മുതൽ നടത്താൻ തീരുമാനിച്ച പരീക്ഷകളുടെ കാര്യത്തിൽ നാളെയോടെ സ്ഥിതിഗതി അവലോകനം ചെയ്ത ശേഷം തീരുമാനം എടുക്കുമെന്നും CBSE അറിയിച്ചു.

✪✪✪

ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ ദക്ഷിണാഫ്രിക്ക ഇന്ന് ന്യൂസിലൻഡിനെ നേരിടും. കൊൽക്കത്തയിൽ, വൈകിട്ട് 7നാണ് മത്സരം.

മുംബൈയിൽ നാളെ രണ്ടാം സെമിയിൽ ഇന്ത്യ ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും. അഹമ്മദാബാദിൽ ഈ മാസം 8 നാണ് ഫൈനൽ.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ പ്രതിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻപ്രസിഡന്റ് A.പത്മകുമാറിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം നൽകി. ദ്വാരപാലകശില്പ കേസിലെ സ്വാഭാവിക ജാമ്യഹർജിയിലാണ് കോടതി ഉത്തരവ്. രണ്ടാമത്തെ കേസിലും ജാമ്യം ലഭിച്ചതോടെ പത്മകുമാറിന് ജയിൽ മോചിതനാകാൻ സാധിക്കും. കട്ടിളപ്പാളികേസിൽ  കഴിഞ്ഞമാസം 20 ന് പത്മകുമാറിന് ജാമ്യം ലഭിച്ചിരുന്നു.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ പ്രതിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻപ്രസിഡന്റ് A.പത്മകുമാറിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം നൽകി. ദ്വാരപാലകശില്പ കേസിലെ സ്വാഭാവിക ജാമ്യഹർജിയിലാണ് കോടതി ഉത്തരവ്. രണ്ടാമത്തെ കേസിലും ജാമ്യം ലഭിച്ചതോടെ പത്മകുമാറിന് ജയിൽ മോചിതനാകാൻ സാധിക്കും. കട്ടിളപ്പാളികേസിൽ  കഴിഞ്ഞമാസം 20 ന് പത്മകുമാറിന് ജാമ്യം ലഭിച്ചിരുന്നു.

✪✪✪

പോഷൻ അഭിയാൻ 2.0 പദ്ധതിയുടെ ഭാഗമായി കേന്ദ്ര  ഗവൺമെന്റിന്റെ സുപോക്ഷിത് ഗ്രാമപഞ്ചായത്ത് അവാർഡിന് കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി അർഹമായി. മികച്ച പ്രവർത്തനം കാഴ്ചവെച്ച രാജ്യത്തെ ആയിരം പഞ്ചായത്തുകളിൽ ഒന്നായാണ് അഞ്ചരക്കണ്ടിയെ തെരഞ്ഞെടുത്തത്.

കണ്ണൂരിൽ നിന്ന് K.O  ശശിധരൻ.

..........(വോയ്സ്)..................

✪✪✪

കേരളത്തിന്റെ സാംസ്കാരിക വ്യക്തിത്വത്തെയും ജനങ്ങളുടെ ആത്മാഭിമാനത്തെയും ഉയർത്തുന്ന മലയാള ഭാഷാ ബിൽ ഒപ്പിടണമെന്ന്  BJP സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഗവർണ്ണറോട് അഭ്യർത്ഥിച്ചു. കേരളത്തിന്റെ പേര് "കേരളം" എന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചതിന് നന്ദി പറയാൻ പ്രധാനമന്ത്രിയെ സന്ദർശിച്ച സാംസ്കാരിക നായകരും മലയാള ഭാഷാ ബിൽ

അംഗീകരിക്കണമെന്ന നിർദേശം മുന്നോട്ട് വെച്ചിരുന്നു. കേരളത്തിന്റെയും മലയാളത്തിന്റെയും കീർത്തി കൂടുതൽ വ്യാപിക്കാൻ സഹായിക്കുന്ന ബിൽ, മലയാളികൾക്ക് ഏറെ അഭിമാനം നൽകുന്നതാണെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

വികസന മുദ്രാവാക്യം ഉയർത്തി BJP യുടെ നേതൃത്വത്തിൽ കണ്ണൂർ മമ്പറത്ത്, മറ്റന്നാൾ മെഗാ അദാലത്തും ജനസംഗമവും സംഘടിപ്പിക്കുമെന്ന് BJP സംസ്ഥാന സെൽ കൺവീനർ VK സജീവൻ അറിയിച്ചു. കേന്ദ്ര സഹമന്ത്രി ശോഭ കരന്തലജെ ഉദ്ഘാടനം ചെയ്യും.

BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ഉൾപ്പെടെ പ്രമുഖ നേതാക്കൾ പങ്കെടുക്കുമെന്നും സജീവൻ അറിയിച്ചു.

✪✪✪

വികസന മുദ്രാവാക്യം ഉയർത്തി BJP യുടെ നേതൃത്വത്തിൽ കണ്ണൂർ മമ്പറത്ത്, മറ്റന്നാൾ മെഗാ അദാലത്തും ജനസംഗമവും സംഘടിപ്പിക്കുമെന്ന് BJP സംസ്ഥാന സെൽ കൺവീനർ VK സജീവൻ അറിയിച്ചു. കേന്ദ്ര സഹമന്ത്രി ശോഭ കരന്തലജെ ഉദ്ഘാടനം ചെയ്യും.

BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ഉൾപ്പെടെ പ്രമുഖ നേതാക്കൾ പങ്കെടുക്കുമെന്നും സജീവൻ അറിയിച്ചു.

✪✪✪

സംസ്ഥാന യുവജന കമ്മീഷൻ 2025-26 വർഷത്തെ യൂത്ത് ഐക്കൺ, യുവ പ്രതിഭാ പുരസ്കാരങ്ങൾ ഉച്ചയ്ക്ക് വിതരണം ചെയ്യും. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ മന്ത്രി സജി ചെറിയാൻ പുരസ്കാരം സമ്മാനിക്കും.

✪✪✪

ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച മാവേലിക്കര താലൂക്ക് ഓഫീസ് കെട്ടിടം നാളെ വൈകിട്ട് മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്യും. മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി 20 ലക്ഷം രൂപ ചെലവിലാണ് നിർമ്മാണം.

✪✪✪

**സ്വർണ്ണവില കുറഞ്ഞു. പവന് 2,280 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 20,640 ലെത്തി. 15,080 രൂപയാണ് ഗ്രാമിന് വില.**

✪✪✪

**സംസ്ഥാനത്ത് അൾട്രാവയലറ്റ് രശ്മികളുടെ സാന്നിധ്യം അപകടകരമായ തോതിൽ തുടരുന്നു. ഇടുക്കി ജില്ലയിലെ മൂന്നാറിലാണ് ഏറ്റവും ഉയർന്ന UV ഇൻഡക്സ് രേഖപ്പെടുത്തിയത്. സൂര്യരശ്മികൾ നേരിട്ട് ഏൽക്കുന്നത് ഒഴിവാക്കണമെന്ന് ദുരന്തനിവാരണ അതോറിറ്റി നിർദ്ദേശിച്ചു.**

✪✪✪

**സംസ്ഥാനത്ത് അൾട്രാവയലറ്റ് രശ്മികളുടെ സാന്നിധ്യം അപകടകരമായ തോതിൽ തുടരുന്നു. ഇടുക്കി ജില്ലയിലെ മൂന്നാറിലാണ് ഏറ്റവും ഉയർന്ന UV ഇൻഡക്സ് രേഖപ്പെടുത്തിയത്. സൂര്യരശ്മികൾ നേരിട്ട് ഏൽക്കുന്നത് ഒഴിവാക്കണമെന്ന് ദുരന്തനിവാരണ അതോറിറ്റി നിർദ്ദേശിച്ചു.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader:നിമിഷ ജി*
*News Team: ഫർദിസ് AV, അനുഷ ആത്മപ്രകാശ്, DEO: ഷീബ*